# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## സ്വയം വസ്തുനികുതി നിർണ്ണയം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 3287 19.06.2019- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | മറുപടി<br>എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് നടപ്പാക്കിയിട്ടുള്ള സ്വയം വസ്തുനികുതി നിർണ്ണയിക്കുന്ന രീതി സംബന്ധിച്ചുള്ള മാനദണ്ഡം എന്തെല്ലാമാണ്; വിശദാംശം നല്കുമോ; | (എ) | 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ/2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരമാണ് യഥാക്രമം ഗ്രാമ പഞ്ചായത്ത്/നഗരസഭാ പ്രദേശത്ത് പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് സ്വയം വസ്തു നികുതി നിർണ്ണയരീതി നടപ്പിലാക്കിയിട്ടുള്ളത്. ടി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫോറത്തിൽ കെട്ടിടം സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തി കെട്ടിട ഉടമ ഗ്രാമ പഞ്ചായത്തിൽ/നഗരസഭയിൽ സമർപ്പിക്കുന്ന രീതിയാണിത്. കെട്ടിട ഉടമ സ്വയം വസ്തു നികുതി നിർണ്ണയ ഫാറം സമർപ്പിച്ചു കഴിഞ്ഞാൽ ആയതിന്മേൽ ഗ്രാമ പഞ്ചായത്ത്/ നഗരസഭ പരിശോധിച്ച് കഴിഞ്ഞതിനു ശേഷമാണ് ഒക്യുപ്പൻസി/കെട്ടിട നമ്പർ അനുവദി- |

| | | | |
|---|---|---|---|
| | | | ക്കുന്നത്. സ്വയം വസ്തു നികുതി നിർണ്ണയ രീതിക്ക് ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡം താഴെ പറയുന്നവയാണ്:<br>1. കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല<br>2. കെട്ടിടത്തിലേയ്ക്കുള്ള വഴി സൗകര്യം<br>3. കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം<br>4. കാലപ്പഴക്കം. (പഴയ കെട്ടിടങ്ങൾക്ക് നികുതി പുനർ നിർണ്ണയം സംബന്ധിച്ച് മാത്രം)<br>5. തറ നിർമ്മിതിയുടെ തരം.<br>6. എയർ കണ്ടീഷനിംഗ് സൗകര്യം. |
| (ബി) | സംസ്ഥാനത്തെ എല്ലാ തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളിലും ഈ രീതിയിലുള്ള വസ്തുനികുതി നിർണ്ണയം നടപ്പാക്കിയിട്ടുണ്ടോ; വിശദവിവരം നൽകുമോ? | (ബി) | സംസ്ഥാനത്തെ 941 ഗ്രാമ പഞ്ചായത്തുകളിലും ഈ രീതിയിലുള്ള വസ്തു നികുതി നിർണ്ണയം നടപ്പിലാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ഗ്രാമ പഞ്ചായത്തുകളുടെ വസ്തു നികുതി കളക്ഷൻ 88% ആണ്.<br>സംസ്ഥാനത്തെ 27 നഗരസഭകളിൽ വസ്തു നികുതി നിർണ്ണയിച്ച് പരിഷ്കരണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 66 നഗര-സഭകളിൽ വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ